**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 791** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>അഞ്ചരക്കണ്ടി പുഴയിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങളുടെ നിർമ്മാർജനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. കെ. സനോജ് ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** അഞ്ചരക്കണ്ടി പുഴയിൽ അടിഞ്ഞുകൂടിയ മണലും മരങ്ങളും മറ്റ് അവശിഷ്ടങ്ങളും മഴക്കാലത്ത് പുഴയുടെ ഒഴുക്കിനെ തടസ്സപ്പെടുത്തി വെള്ളപ്പൊക്കം ഉണ്ടാകാനിടയുള്ള സാഹചര്യം കണക്കിലെടുത്ത് ഇവ നീക്കി പുഴയുടെ ഒഴുക്ക് സുഗമമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് അഞ്ചരക്കണ്ടി പുഴയിൽ അടിഞ്ഞുകൂടിയ ചെളിയും മണ്ണും നീക്കം ചെയ്യുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്. 2026 വർഷത്തെ മഴക്കാല മുന്നൊരുക്ക പ്രവൃത്തികൾക്കുള്ള ഫണ്ട് മുഖേന അഞ്ചരക്കണ്ടി പുഴയിൽ (കീഴല്ലൂർ, മഞ്ചേരിക്കടവ് എന്നീ സ്ഥലത്ത്) അടിഞ്ഞുകൂടി ഒഴുക്കിന് തടസ്സമായുള്ള ചെളിയും മണ്ണും മരങ്ങളും നീക്കം ചെയ്യുന്നതിനായി രണ്ട് പ്രവൃത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| Sl. No. | Name of work | Amount in Lakhs | Status |
|---|---|---|---|
| 1 | General-Emergency monsoon preparedness 2026-Rectification of Anjarakkandy river –Removal of accumulated silt and slush deposited in Anjarakandy river (Vattoli river) near house No. IV/378 at Aringtotukandi manjerikkadavu in Chittariparamba Grama panchayath in Kannur Dt. | 1.30 | Work tendered on 08/06/2026 |
| 2 | General-Emergency monsoon preparedness 2026-Rectification of Anjarakkandy river –Removal of accumulated silt and slush deposited in Anjarakandy river opposite of Keezhallur Juma Masjid at Keezhallur Grama panchayath in Kannur Dt. | 13.70 | Work tendered on 08/06/2026 |

സെക്ഷൻ ഓഫീസർ